## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 807 30/11/2018-ൽ മറുപടിയ്ക്ക്

### പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിലെ പുതിയ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതിപട്ടിക വർഗ്ഗമേഖലകളിൽ പുതിയതായി ആരംഭിച്ച പദ്ധതികളുടെ വിശദ വിവരം നൽകുമോ | (എ)<br>യും<br>(ബി)<br>യും | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗ മേഖലകളിൽ പുതിയതായി ആരംഭിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു<br><br>1. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുമായി ആരംഭിച്ച പദ്ധതിയാണ് സാമൂഹിക പഠനമുറി. ഉപദേശകനായും ട്യൂട്ടറായും പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ തെരഞ്ഞെടുത്ത് മാസം തോറും 15,000/ രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിച്ചു വരുന്നു<br><br>2. സംസ്ഥാനത്തെ പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ എയ്ഡഡ് സ്കൂളുകളിലെ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4 -ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ നല്കുന്ന പദ്ധതിയാണ് ഗോത്രബന്ധു പദ്ധതി<br><br>3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്പ്മെന്റ് സ്കീം<br><br>എ) അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട് ഇതിൽ 73 കോളനികൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള മൊബിലൈസേഷൻ തുക അനുവദിച്ചു നൽകിയിട്ടുണ്ട്<br><br>ബി) കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന എം.ജി.എൻ.ആർ.ഇ.ജി.എസ് – തൊഴിലിനുള്ള വേതനം പദ്ധതി. തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുത്ത് വരുന്ന പട്ടിക വർഗ്ഗക്കാർക്ക് കാലവിളംബം കൂടാതെ വേതനം ലഭ്യമാക്കുന്നതിന് 11,13 കോടി രൂപ റിവോൾവിംഗ് ഫണ്ടായി എം.ജി.എൻ.ആർ ഇ.ജി.എസ് സംസ്ഥാന മിഷന് അനുവദിച്ച് നല്കിയിട്ടുണ്ട് |
| (ബി) | ഇതിന്റെ ഭാഗമായി പ്രസ്തുത മേഖലകളിൽ വന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | | |

സി) ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതിയാണ് പി.കെ കാളൻ കുടുംബസഹായ പദ്ധതി

4, പട്ടികവർഗ്ഗവിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ എൽ.ഐ.സി.യുമായി സഹകരിച്ച് നടപ്പാക്കുന്ന ഗോത്രവാത്സല്യനിധി പദ്ധതി.

5. പാലക്കാട് ജില്ലയിലെ പട്ടികവർഗ വിഭാഗത്തിലെ തൊഴിലില്ലാത്ത സ്ത്രീകളെ കണ്ടെത്തി വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി സ്വയം തൊഴിൽ നൽകുന്ന അപ്പാരൽ പാർക്ക് എന്ന സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്

6. പട്ടികവർഗ. യുവതീ യുവാക്കൾക്ക് ഐറ്റി മേഖലയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

7. വയനാട് ഗോത്ര ഭാഷാപഠന കേന്ദ്രം - പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്

8. ആരോഗ്യ വിദ്യാഭ്യാസ പരിപാടി, തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗസങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു വരുന്നു

9. പോഷാകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാരപുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു

11. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കി

12. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി KIIFB മുഖേന വിവിധ ജില്ലകളിലായി പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, എം.ആർ.എസുകൾ എന്നിവ നിർമ്മിച്ചു വരുന്നു.

13. ആധുനിക വൈദ്യസൗകര്യം എല്ലാ പട്ടികവർഗ്ഗക്കാർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനമൊട്ടാകെ എല്ലാ ആധുനിക സൗകര്യങ്ങളോടു കൂടിയ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.

14. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേട് ഒഴിവാക്കുന്നതിനും ചൂഷണം തടയുന്നതിനും പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനുമായി ഗോത്രജീവിക പദ്ധതി നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | 15. പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാക്കുന്നതിനും പട്ടിക വർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും സാക്ഷരതാ മിഷൻ സമഗ്ര എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്<br><br>16. ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്ര വിഭാഗങ്ങൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസ പദ്ധതിയിലൂടെ സമൂഹത്തിൽ അഭിമാനത്തോടും ആത്മവിശ്വാസത്തോടും ഭയരഹിതമായും ആരോഗ്യമുള്ളവരായും ജീവിക്കുന്നതിന് പ്രാപ്തിയുണ്ടാക്കുക എന്ന ലക്ഷ്യം വച്ച് നടപ്പാക്കുന്ന ഗോത്ര രശ്മി പദ്ധതി.<br><br>**പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിന് ആവിഷ്കരിച്ചിരിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു**<br><br>1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5000 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠനസൗകര്യങ്ങളോടുംകൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള പഠനമുറി എന്ന പദ്ധതി.<br><br>പഠനമുറി പദ്ധതി പ്രകാരം 2017-18 വർഷം 6623 പഠന മുറികൾ നിർമ്മാണം ആരംഭിക്കുകയും, 2541 പഠനമുറികൾ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് 2018-19 വർഷം 5000 പഠനമുറികൾ നിർമ്മിക്കുന്നതിന് ഭൗതികലക്ഷ്യം നിശ്ചയിച്ചു നൽകിയതിൽ 2314 പേർക്ക് പദ്ധതിയ്ക്ക് അനുമതി നല്കിയിട്ടുണ്ട്<br><br>2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്രവികസനത്തിനുമായിട്ടുള്ള ഇൻഷുറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യനിധി പദ്ധതി.<br><br>വാത്സല്യനിധി പദ്ധതി പ്രകാരം 2555 പെൺകുട്ടികൾക്ക് 39,000/- രൂപ വീതം 9,96,45,000/- രൂപ ഒന്നാം ഗഡുവായി എൽ.ഐ.സിയിൽ നിക്ഷേപിച്ചിട്ടുണ്ട് 2018-19 - ൽ 261 പെൺകുട്ടികളുടെ പേരിൽ ഇതുവരെ 1,01,79,000/- രൂപ എൽ.ഐ.സിയിൽ നിക്ഷേപിച്ചിട്ടുണ്ട്<br><br>3. M.Sc Electronics, B.Arch, M.Phil, Ph.D എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കൂടി ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി.<br><br>ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി കൂടുതൽ കോഴ്സുകൾ ഉൾപ്പെടുത്തി വിപുലീകരിച്ചിട്ടുണ്ട്<br><br>4. പട്ടികജാതി വകുപ്പിന് കീഴിലുള്ള 44 ഐ.റ്റി.ഐ.കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി ഒരു മുട്ടയും ഒരു ഗ്ലാസ്സ് പാലും, ഉച്ചഭക്ഷണവും നല്കുന്നതിനുള്ള പദ്ധതി. |

| | | | |
|---|---|---|---|
| | | | 2017-18 സാമ്പത്തിക വർഷം മുതൽ വകുപ്പിന് കീഴിലുള്ള 44 ഐ.റ്റി.ഐ.കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>5. പട്ടികജാതിവിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതി.<br><br>വർക്കിംഗ് വിമൺസ് ഹോസ്റ്റൽ പട്ടികജാതിയിൽപ്പെട്ട ജോലിയുള്ള വനിതകൾക്കായി തിരുവനന്തപുരം ജില്ലയിലെ പേരൂർക്കടയിൽ ഹോസ്റ്റൽ നിർമ്മാണം പുരോഗമിച്ചു വരുന്നു. എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റൽ നിർമ്മാണത്തിന് സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>6. നഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ 15000/- രൂപ ധനസഹായത്തോടെ പരിശീലനം നൽകുന്ന പദ്ധതി.<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട 134 യുവതീ യുവാക്കളെ കരാർ അടിസ്ഥാനത്തിൽ 15000/ രൂപ പ്രതിമാസം ഓണറേറിയവും, 1500/- രൂപ യൂണിഫോം അലവൻസും നൽകി താലൂക്ക് /ജില്ലാ ജനറൽ ആശുപത്രികളിൽ നഴ്സായി രണ്ടു വർഷത്തേയ്ക്ക് നിയമിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ